**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 729** **06-12-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ മാർമല (2x3.5 MW) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ DPR KSEBL ഡിസംബർ 2014-ൽ അപ്രൂവ് ചെയ്തിട്ടുണ്ട്.<br><br>കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ തീക്കോയി, തലനാട് വില്ലേജുകളിലായി മീനച്ചലാറിന്റെ കൈവഴിയായ മാർമല തോടിന്റെ വെള്ളച്ചാട്ടത്തിന് മുകളിലായി തടയണ നിർമ്മിച്ച് ജലം ടണൽ, പെൻസ്റ്റോക്ക് എന്നിവ വഴി വെള്ളാനിയിലെ പവർ ഹൗസിൽ എത്തിച്ച് 3.5 MW ന്റെ 2 ടർബൈനുകളുടെ സഹായത്തോടെ വൈദ്യുതി ഉത്പാദിപ്പിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഈ മാർമല ചെറുകിട ജലവൈദ്യുത പദ്ധതി (7 MW/23.02 MU യുടെ സ്ഥാപിതശേഷി 7 മെഗാവാട്ടും വാർഷിക ഉത്പാദനം 23.02 MU വുമാണ്. 2014 ൽ കെ. എസ്. ഇ.ബി.എൽ- ന്റെ 70.18 കോടി രൂപയുടെ ഭരണാനുമതിയും 2015 ൽ ഗവൺമെന്റിൽ നിന്നുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി തീക്കോയി, തലനാട് വില്ലേജുകളിലെ ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ബി) | മാർമല ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് 5.9099 ഹെക്ടർ പട്ടയ ഭൂമിയും 1.5627 ഹെക്ടർ പട്ടയ രഹിത ഭൂമിയും ഉൾപ്പെടെ 7.4726 ഹെക്ടർ സ്ഥലം ആവശ്യമുണ്ട്. പദ്ധതിക്കാവശ്യമായ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് 2016-17 വർഷങ്ങളിൽ ബോർഡിൽ നിന്നും ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചിരുന്നുവെങ്കിലും 2020 ൽ റവന്യൂ വകുപ്പിന്റെ നിർദ്ദേശ പ്രകാരം പദ്ധതിക്കാവശ്യമായ ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിഷ്കർഷിക്കുകയും അതിൻ പ്രകാരമുള്ള തുടർനടപടികൾ ഇപ്പോൾ കൈകൊണ്ട് വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി ആഘാത പഠനത്തിനുള്ള വിജ്ഞാപനം 15.11.2021- ൽ പ്രസിദ്ധീകരിക്കുകയും പഠന റിപ്പോർട്ട് 31.12.2021 - ൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് 18.04.2022- ൽ ലഭിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പട്ടയ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 11(1) വിജ്ഞാപനം 29.08.2022- ൽ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള തുടർ സർവ്വേ നടപടികൾ ഇപ്പോൾ നടന്നു വരുന്നു. |
| (സി) | ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നടപടികൾ ത്വരിതപ്പെടുത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ